LIBRARY ARCHIVES Kerala Legislative Assembly

കെ.ടി.യു. ചോദ്യപേപ്പർ തയ്യാറാക്കൽ

131 (1208) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ (കെ.ടി.യു.) ചോദ്യപേപ്പറിന്റെ രഹസ്യസ്വഭാവം സൂക്ഷിക്കുന്നതിന് ഏതു തരത്തിലുള്ള സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) പരീക്ഷ നടത്തിപ്പ് ഔട്ട്സോഴ്സ് ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) പരീക്ഷാ നടത്തിപ്പ് സ്വകാര്യ കമ്പനിയെ ഏല്പിക്കുമ്പോൾ മത്സരാധിഷ്ഠിത ടെണ്ടർ നടപടി സ്വീകരിക്കുമോ;

(ഡി) കുത്തക software ഉദ്ദേശിച്ചുകൊണ്ടാണ് കെ.ടി.യു.-വിന്റെ പരീക്ഷാ നടത്തിപ്പും മൂല്യനിർണ്ണയവും നടത്താൻ തീരുമാനിച്ചിരിക്കുന്നത്. എന്നാൽ സ്വതന്ത്ര Software അധിഷ്ഠിതമായി സംവിധാനമൊരുക്കിയിരുന്നെങ്കിൽ കൂടുതൽ സുരക്ഷിതത്വവും ലാഭവുമുണ്ടാകുമെന്നിരിക്കെ എന്തുകൊണ്ടാണ് ആയതിന് ശ്രമിക്കാതിരുന്നത്?

ഉത്തരം

(എ) സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള 154 കോളേജുകളിൽനിന്ന് അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർ തയ്യാറാക്കി കൺട്രോളർ ഓഫ് എക്സാമിനേഷൻസിന് നൽകുകയും അതിനുശേഷം കൺട്രോളർ ഓരോ വിഷയങ്ങൾക്കും രൂപീകരിച്ചിരിക്കുന്ന അഞ്ച് അദ്ധ്യാപകർ അടങ്ങിയ ഒരു വിദഗ്ധ സമിതിക്ക് മുമ്പാകെ വിഷയം തിരിച്ച് ചോദ്യപേപ്പർ സമർപ്പിക്കുകയും ചെയ്യും. ഈ സമിതി സൂക്ഷ്മ പരിശോധന നടത്തി ഇതിൽ നിന്നും 5 ചോദ്യപേപ്പർ വീതം ഓരോ വിഷയത്തിനും തെരഞ്ഞെടുത്ത് കൺട്രോളർക്ക് സമർപ്പിക്കും. കൺട്രോളർ ഈ ചോദ്യപേപ്പറുകൾ സർവ്വകലാശാല പരീക്ഷ മാനേജ്മെന്റ് സംവിധാനത്തിലേക്ക് അപ്ലോഡ് ചെയ്ത് സൂക്ഷിക്കുന്നു. ഇതിന്റെ പൂർണ്ണ നിയന്ത്രണം പരീക്ഷാ കൺട്രോളറിൽ നിക്ഷിപ്തമാണ്. പരീക്ഷാ ദിവസം ഒരു മണിക്കൂർ മുമ്പ് പാസ്വേഡ് സംവിധാനത്തിലൂടെ അപ് ലോഡ് ചെയ്ത് സൂക്ഷിക്കുന്ന അഞ്ച് ചോദ്യപേപ്പറുകളിൽ നിന്ന് ഒരെണ്ണം തെരഞ്ഞെടുത്ത് പരീക്ഷ മാനേജ്മെന്റ് സോഫ്റ്റ്വെയറിലൂടെ അതാത് കോളേജുകളിലെ പരീക്ഷാ കൺട്രോൾ റൂമിൽ പ്രത്യേകം സജ്ജീകരിച്ചിട്ടുള്ള

കമ്പ്യൂട്ടറുകളിലേക്ക് അയച്ചുകൊടുക്കും. അതിൽനിന്നും പ്രിൻസിപ്പലിന്റെയും എക്സാമിനേഷനുവേണ്ടി "ഒബ്സർവർ" ആയി കോളേജിന് പുറത്ത് നിന്ന് നിയമിക്കുന്ന അദ്ധ്യാപകന്റേയും പാസ്‌വേഡുകൾ നൽകി നിശ്ചിത എണ്ണം ചോദ്യപേപ്പറുകൾ പ്രിന്റ് ചെയ്ത് എടുക്കാം. നിശ്ചിത എണ്ണം പ്രിന്റുചെയ്തുകഴിഞ്ഞാൽ കമ്പ്യൂട്ടറിൽ നിന്നും ചോദ്യപേപ്പർ ഡിലീറ്റ് ചെയ്തുപോകും.

(ബി) പരീക്ഷ നടത്തിപ്പിന്റെ സംവിധാനം ഔട്ട് സോഴ്സ് ചെയ്തിട്ടുണ്ട്. പരീക്ഷാ നടത്തിപ്പിനുവേണ്ട സംവിധാനങ്ങളായ പ്രിന്റർ, സ്കാനർ, കമ്പ്യൂട്ടർ, പരീക്ഷാ കൺട്രോൾ റൂമിൽ സ്ഥാപിക്കുന്ന ക്യാമറകൾ, പരീക്ഷാ മാനേജ്മെന്റ് സോഫ്റ്റ്വെയർ എന്നിവ ഓരോ പരീക്ഷാ കേന്ദ്രത്തിലും ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ഔട്ട്സോഴ്സ് ചെയ്തിരിക്കുന്നത്.

(സി) കേരള സംസ്ഥാന ഐ.ടി. മിഷന്റെ "ഇ-ടെണ്ടർ" സംവിധാനം വഴി മത്സരാധിഷ്ഠിത ടെണ്ടർ വഴിയാണ് ഔട്ട്സോഴ്സ് ചെയ്ത ഏജൻസിയെ കണ്ടെത്തിയത്.

(ഡി) ഇപ്പോൾ നിലവിലുള്ള പരീക്ഷ മാനേജ്മെന്റ് സോഫ്റ്റ്വെയർ സ്വതന്ത്ര സോഫ്റ്റ്വെയർ സംവിധാനത്തിൽ പ്രവർത്തിക്കുകയില്ല. എന്നാൽ ഈ സോഫ്റ്റ്വെയർ സ്വതന്ത്ര സോഫ്റ്റ്വെയർ പ്രവർത്തിക്കുന്നതിനാവശ്യമായ മാറ്റം വരുത്തിവരികയാണ്.

നിയമസഭാ സമിതി റിപ്പോർട്ട്

132 (1209) ശ്രീ. പാലോട് രവി :

ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി.-യെ സംബന്ധിച്ച് പ്രതിപക്ഷ നേതാവിനെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി രൂപീകരിച്ച നിയമസഭാ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സമിതിയുടെ പ്രധാന നിഗമനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) സമിതിയുടെ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനെക്കുറിച്ച് വിശദമായ ഒരു അന്വേഷണം നടത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly